# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 952

02/12/2015 -ൽ മറുപടിക്ക്

### വടകര മാഹി കനാൽ നിർമ്മാണം

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീമതി. കെ.കെ.ലതിക | | ശ്രീ. പി.ജെ.ജോസഫ്<br>(ബഹു: ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വടകര-മാഹി കനാൽ നിർമ്മാണം ഏത് തീയതിയിലാണ് ആരംഭിച്ചത് എന്നും നിർമ്മാണം ആരംഭിച്ചതിന് ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പങ്കെടുത്ത എത്ര യോഗങ്ങൾ എവിടെയൊക്കെ വച്ച് ചേർന്നുവെന്നും വ്യക്തമാക്കുമോ; | (എ) | വടകര-മാഹി കനാൽ നിർമ്മാണം 28-01-2013-ന് ആരംഭിച്ചു. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പങ്കെടുത്ത ഏകദേശം 18 യോഗങ്ങൾ നടന്നിട്ടുണ്ട്. ബഹു: ജലവിഭവ വകുപ്പ് മന്ത്രിയുടെ ചേംബർ വെള്ളൂക്കര, തിരുവള്ളൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ്, വെങ്ങോളി, കലിയാംവള്ളി, കോട്ടപ്പള്ളി വില്ലേജ് ഓഫീസ്, എടച്ചേരി പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിലും കനാൽ പരിസരങ്ങളിലും യോഗങ്ങൾ ചേർന്നിട്ടുണ്ട്. കൂടാതെ ഉന്നത ഉദ്യോഗസ്ഥരുടെ സൈറ്റ് ഇൻസ്പെക്ഷൻ സമയത്ത് ജനപ്രതിനിധികളും പഞ്ചായത്ത് അധികൃതരും നാട്ടുകാരുമായുള്ള കൂടിക്കാഴ്ചകൾ നടത്തി പ്രശ്നം പരിഹരിക്കാറുണ്ട്. |
| (ബി) പ്രസ്തുത യോഗങ്ങളിൽ പങ്കെടുത്ത ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ആരൊക്കെയെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത യോഗങ്ങളിൽ താഴെപറയുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്തിട്ടുണ്ട്.<br>1. ബഹു: ജലവിഭവ വകുപ്പ് മന്ത്രി<br>2. ശ്രീമതി. കെ.കെ.ലതിക, എം.എൽ.എ<br>3. അഡീഷണൽ ചീഫ് സെക്രട്ടറി, (WR& CSIN)<br>4. ചീഫ് എഞ്ചിനീയർ (I&A & IDRB)<br>5.ഡയറക്ടർ, ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റ്, കൊല്ലം. |

6. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗത വിഭാഗം, കണ്ണൂർ.

7. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗത ഉപവിഭാഗം, കണ്ണൂർ.

8. അസിസ്റ്റന്റ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗത സെക്ഷൻ കണ്ണൂർ, പഴയങ്ങാടി & തലശ്ശേരി.

9. കരാറുകാർ

10. വടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്

11 വടകര ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ്.

12 മണിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്.

13 തിരുവള്ളൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്.

14 കൂടാതെ മറ്റ് ജനപ്രതിനിധികളും നാട്ടുകാരും.

സെക്ഷൻ ഓഫീസർ